**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4226** **18-07-2022 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ എക്കണോമിക് സോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വ്യാവസായിക കുതിപ്പിന് അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യങ്ങളുടെ ആവശ്യകത പുതിയ കാലഘട്ടത്തിനനുസരിച്ച് നടപ്പിലാക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ച് വരുന്നെന്ന് വിശദമാക്കാമോ; | (എ) | വ്യവസായ വാണിജ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 40 വ്യവസായ പാർക്കുകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിന് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതി നടപ്പിലാക്കി വരുന്നു. മാലിന്യ നിർമ്മാർജ്ജനം ഉറപ്പാക്കുന്നതിന് ഡി.എ., എടയാർ, ഡി.എ.അരൂർ എന്നിവിടങ്ങളിൽ Common Effluent Treatment Plant സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വ്യവസായ പാർക്കുകളിലെ യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും പ്രശ്നപരിഹാരത്തിനുമായി ഓരോ പാർക്കിലും എസ്റ്റേറ്റ് ഓഫീസറെ നിയമിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ പാർക്കുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 1565 ലക്ഷം രൂപ (മുൻ വർഷത്തെക്കാൾ 306 ലക്ഷം രൂപ അധികമായി) വകയിരുത്തിയിട്ടുണ്ട്. G.O(Ms) No. 31/2022/ID തീയതി , 02.04.2022 ഉത്തരവ് പ്രകാരം നിലവിൽ വന്ന "സ്വകാര്യ പാർക്കുകൾ" പദ്ധതി കൂടുതൽ നിക്ഷേപസൗഹൃദമാക്കുന്നതിനായി, പശ്ചാത്തല സൗകര്യ വികസനത്തിനായി ഡെവലപ്പർക്ക് ധനസഹായം നൽകുന്നുണ്ട്.<br><br>കെ.എസ്.ഐ.ഡി.സി./കിൻഫ്ര എന്നീ സ്ഥാപനങ്ങളുടെ പാർക്കുകളിലും, ഗ്രോത്ത് സെന്ററുകളിലും സംരംഭകന്റെ ആവശ്യാർത്ഥവും, കാലഘട്ടത്തിനു അനുസൃതമായും പശ്ചാത്തല വികസനങ്ങൾ സമയോചിതമായി നടപ്പിലാക്കിവരുന്നു. വൈദ്യുതി, ജലം, റോഡ്, ഡ്രെയിനേജ്, ETP/CETP തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറി ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി |

| | | | |
|---|---|---|---|
| | | | ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ സർക്കാർ ധനസഹായം നൽകുന്നതാണ്. |
| (ബി) | വ്യാവസായിക ക്ലസ്റ്ററുകൾ കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് വിശദമാക്കാമോ; സ്പെഷ്യൽ എക്കണോമിക് സോൺ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ഇത് തന്നെയാണോ എന്ന് വിശദമാക്കാമോ; | (ബി) | സമാന മേഖലയിൽ ഒരേ തരത്തിലുള്ള വെല്ലുവിളികൾ നേരിട്ടുകൊണ്ട് ഒരു പ്രത്യേക ഭൂമിശാസ്ത്ര മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളാണ് ക്ലസ്റ്ററുകൾ. ഇപ്രകാരം രൂപീകരിക്കുന്ന ക്ലസ്റ്ററിനാവശ്യമായ സാമ്പത്തിക സഹായം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കി വരുന്ന സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ ക്ലസ്റ്റർ വികസന പദ്ധതി (MSE-CDP) പ്രകാരം നൽകി വരുന്നു. ഇതുവരെ 12 ക്ലസ്റ്ററുകൾ പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 4 ക്ലസ്റ്ററുകളുടെ പൊതുസേവന കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമായി വരുന്നു.<br><br>ഒരു പ്രത്യേക സാമ്പത്തിക മേഖല (സ്പെഷ്യൽ എക്കണോമിക് സോൺ - SEZ) എന്നത് സംരംഭകർക്ക് ലളിതമായ നികുതിവ്യവസ്ഥകൾ ഉള്ളതും കയറ്റുമതികൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയുള്ള ഒരു മേഖലയാണ്. വിദേശ നിക്ഷേപം ആകർഷിക്കുന്നതിനും സാങ്കേതിക മുന്നേറ്റത്തിന് വഴിയൊരുക്കുന്നതിനും നികുതി ആനുകൂല്യങ്ങൾ (tax concession & duty exemption) പ്രയോജനപ്പെടുത്തി ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച സുഗമമാക്കുന്നതിനും സഹായിക്കുന്നു. പ്രത്യേക സമ്പത്തിക മേഖല സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് കേന്ദ്ര മന്ത്രാലയമാണ്. |
| (സി) | കൊച്ചി-ബാംഗ്ളൂർ വ്യാവസായിക ഇടനാഴി യാഥാർത്ഥ്യമാകുന്നതോട്ടുകൂടി ഏതെല്ലാം മേഖലയിൽ ഉള്ള വ്യവസായമാണ് വരാൻ പോകുന്നതെന്ന് വിശദമാക്കാമോ.? | (സി) | കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയിൽ സംയോജിത ഉൽപ്പാദന ക്ലസ്റ്ററുകളാണ് സ്ഥാപിക്കുന്നത്. ഇതുപ്രകാരം പാലക്കാടും, കൊച്ചിയും ഒരോ നോഡുകളായാണ് സ്ഥാപിക്കുന്നത്. പാലക്കാട് നോഡിൽ 1845 ഏക്കർ ഭൂമി കണ്ടെത്തി അതിന്റെ ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. ഭൂമി ഏറ്റെടുത്ത് സംയുക്ത സംരംഭമായ കേരളാ ഇൻഡ്സ്ട്രിയൽ കോറിഡോർ കോർപ്പറേഷനു കൈമാറി, അവർ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് വിവിധയിനം വ്യവസായങ്ങൾക്ക് പ്രവർത്തിക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കും. പദ്ധതിയുടെ Market Demand Assessment ഉം Master Plan ഉം തയ്യാറാക്കുന്നതിന് ഒരു ഏജൻസിയെ കേന്ദ്ര സർക്കാർ നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പാലക്കാട് ക്ലസ്റ്ററിൽ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് വിവിധയിനം വ്യവസായങ്ങളുടെ ക്ലസ്റ്ററുകൾ പ്രവർത്തിക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കും. പദ്ധതിയുടെ Market Demand Assessment ഉം Master Plan ഉം തയ്യാറാക്കുന്നതിന് M/s Jacobs എന്ന ഏജൻസിയെ NICDIT ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ പഠനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇത് പൂർത്തിയാകുന്ന മുറക്കു മാത്രമേ ഏതു തരത്തിലുള്ള വ്യവസായ ക്ലസ്റ്ററുകളാണ് അനുയോജ്യം എന്നതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ. അഞ്ച് വർഷത്തിനുള്ളിൽ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ ഒരു Gift City സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 358 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്, സർവേ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ പുരോഗമിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ